ബാസൽ മിഷൻ

# കേരളോപകാരി

ഭാഗം 4, ലക്കം 1

(മലയാളം: ആനുകാലിക പ്രസിദ്ധീകരണം)

2016
സായാഹ്ന ഫൌണ്ടേഷൻ
തിരുവനന്തപുരം

**Keralopakari Vol. IV, No. 1**
Malayalam magazine
by **Basel Mission**
First published: 1877

First EPUB/PDF version published: 2016

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Institute of Typography. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം ........ iii

ഹെർമ്മൻ ഗുണ്ടർട്ട് ........ v

ആമുഖം ........ vii

1 THE NEW YEAR പുതുവാണ്ടു ........ 1

2 HISTORY OF THE BRITISH EMPIRE ഇംഗ്ലിഷ ചരിത്രം ........ 5

3 DELHI ദില്ലി നഗരം ........ 9

4 AFGHANISTAN അബ്ഘാനിസ്ഥാൻ ........ 13

5 BELUCHISTAN ബലൂചിസ്ഥാൻ ........ 15

6 SUMMARY OF NEWS. വൎത്തമാനച്ചുരുക്കം. ........ 17

## ഹെർമ്മൻ ഗുണ്ടർട്ട്



കേരളത്തിനും മലയാള ഭാഷയ്ക്കും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ജർമൻ ഭാഷാ പണ്ഡിതനായിരുന്നു റെവ്. ഡോ. ഹെർമ്മൻ ഗുണ്ടർട്ട് (1814 ഫെബ്രുവരി 4 – 1893 ഏപ്രിൽ 25). ജർമനിയിലെ സ്റ്റുട്ട്ഗാർട്ട് എന്ന സ്ഥലത്ത് 1814 ഫെബ്രുവരി 4-നു ജനിച്ചു. 1836 ജൂലൈ 7-ന് ഇന്ത്യയിലെത്തി. മദ്രാസ് പ്രസിഡൻസിയുടെ വിവിധഭാഗങ്ങളിൽ മതപ്രചരണ സംബന്ധമായ ജോലികൾ നടത്തുന്നതിനിടയിൽ 1838 ഒക്ടോബർ 7-ന് ഗുണ്ടർട്ടും ഭാര്യയും തിരുനെൽവേലിയിൽ നിന്നും തിരുവനന്തപുരത്തെത്തി താമസമാക്കി. തമിഴ്നാട്ടിലെ ഹ്രസ്വകാല ജീവിതത്തിനിടയിൽ തമിഴ്ഭാഷയിൽ പ്രസംഗപാടവം നേടിയ ഗുണ്ടർട്ട് അതിവേഗം മലയാളവും പഠിച്ചു. ഹെർമ്മൻ ഗുണ്ടർട്ടിനെ മലയാളം പഠിപ്പിച്ചത് ഊരാച്ചേരി ഗുരുനാഥൻമാർ ആണ്. തലശ്ശേരിക്കടുത്ത് ചൊക്ലിയിലെ കവിയൂർ ആണ് ഗുരുനാഥൻമാരുടെ ജന്മദേശം. ഇവരെക്കുറിച്ച് കേട്ടറിഞ്ഞ ഹെർമ്മൻ ഗുണ്ടർട്ട് മലയാളം പഠിക്കാൻ ഇവരെ തേടിയെത്തുകയായിരുന്നു. താൻ താമസിച്ചിരുന്ന ഇല്ലിക്കുന്നിലേക്ക് ഊരാച്ചേരി ഗുരുനാഥൻമാരെ ക്ഷണിച്ചു കൊണ്ടുപോയായിരുന്നു ഗുണ്ടർട്ട് മലയാള ഭാഷയിൽ പ്രാവീണ്യം നേടിയത്. താമസിയാതെ തലശ്ശേരിയിലും നെട്ടൂരിലും സ്കൂളുകളും നെട്ടൂരിൽ ഒരു കല്ലച്ചുകൂടവും സ്ഥാപിച്ചു. 'ബാസൽ മിഷൻ' എന്ന അന്തർദ്ദേശീയ മത സംഘടനയുടെ ഇന്ത്യയിലെ സെക്രട്ടറിയായും സ്കൂൾ ഇൻസ്പെക്ടറായും പ്രവർത്തിച്ചു. ഇക്കാലഘട്ടത്തിൽ സ്കൂളുകളിൽ പഠിപ്പിക്കാനായി മലയാളം, കന്നട, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പുസ്തകങ്ങൾ എഴുതി അച്ചടിച്ചു പ്രസിദ്ധീകരിച്ചു.

ഒരു സാധാരണ പാതിരിയായി പ്രവർത്തിച്ചെങ്കിലും, ഭാഷാ പാണ്ഡിത്യത്തിന്റെ പേരിലാണ് അദ്ദേഹം ചരിത്രത്തിൽ അവിസ്മരണീയനായത്. 1868-ൽ എഴുതിയ മലയാള വ്യാകരണം, 1872-ലെ ഗുണ്ടർട്ട് നിഘണ്ടു എന്ന മലയാളം–ഇംഗ്ലീഷ് ഡിക്ഷണറി എന്നിവ സുപ്രധാനമാണ്. ബൈബിൾ വേദ പുസ്തകവും മലയാളത്തിലേക്ക് ഗുണ്ടർട്ട് പരിഭാഷപ്പെടുത്തി ഭാഷാ വ്യാകരണത്തിൽ അദ്ദേഹം നടത്തിയ പഠനങ്ങൾ, സംസ്കൃതേതരമായ ആദ്യത്തെ ആധികാരിക പഠനമായിരുന്നു. സ്വന്തമായി രണ്ടു പ്രസിദ്ധീകരണങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ഇതിൽ രാജ്യസമാചാരം മലയാളത്തിലെ ആദ്യത്തെ വർത്തമാന പത്രവും ആനുകാലികവുമായി വിലയിരുത്തപ്പെടുന്നു. രണ്ടാമത്തെ പ്രസി

ദ്ധീകരണമായ പശ്ചിമോദയം വിജ്ഞാനസംബന്ധമായ ലേഖനങ്ങളിലായിരുന്നു ശ്രദ്ധ പതിപ്പിച്ചത്. തലശ്ശേരിയിൽ ഗുണ്ടർട്ടിന്റെ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. പ്രശസ്ത ജർമ്മൻ നോവലെഴുത്തുകാരനും നോബൽ സമ്മാനിതനുമായ ഹെർമ്മൻ ഹെസ്സെ ഗുണ്ടർട്ടിന്റെ ചെറുമകനായിരുന്നു. 1859-ൽ രോഗബാധിതനായി ജർമ്മനിയിലേക്കു മടങ്ങിപ്പോയി. 1893 ഏപ്രിൽ 25-ന് അദ്ദേഹം അന്തരിച്ചു.

## പ്രധാന കൃതികൾ

### ഭാഷാശാസ്ത്രം

1. മലയാളം—ഇംഗ്ലിഷ് നിഘണ്ടു, മംഗലാപുരം, 1872
2. മലയാള ഭാഷാവ്യാകരണം, മംഗലാപുരം, 1868
3. ത്രിഭാഷാ നിഘണ്ടു (ഇംഗ്ലീഷ്—ഹിന്ദി—മലയാളം)
4. ജർമ്മൻ-മലയാള നിഘണ്ടു
5. ഗുണ്ടർട്ട് നിഘണ്ടു
6. പഴഞ്ചൊൽമാല, ബാസൽ മിഷൻ, മംഗലാപുരം — 1896
7. കാറ്റക്കിസം ഓഫ് മലയാളം ഗ്രാമർ (Catechism of Malayalam grammar)
8. വ്യാകരണ ചോദ്യോത്തരം
9. ഗുരുക്കുടാതെ ലത്തീൻപെച്ച പഠിപ്പിക്കാൻ തക്കവിധത്തിൽ എഴുതപ്പെട്ട മലയാഴ്മ ലത്തീൻ ഗ്രമത്തി

### സംസ്കാരം, ചരിത്രം

1. സുറിയാനി ക്രിസ്ത്യാനികളുടെയും കേരള ജൂതന്മാരുടെയും പക്കലുള്ള പുരാതന ചെമ്പേട്ടുകളുടെ തർജ്ജുമയും പഠനവും (ഇംഗ്ലിഷ്), മദ്രാസ് ജേർണൽ ഓഫ് ലിറ്ററേച്ചർ ആൻഡ് സയൻസ്, മദ്രാസ്, 1844–1845
2. കേരള ഉൽപ്പത്തി, മംഗലാപുരം, 1843
3. ലോക ചരിത ശാസ്ത്രം, തലശ്ശേരി, 1849–1851
4. കേരള പഴമ അഥവാ മലബാറിന്റെ ചരിത്രം ക്രി.ശേ. 1498–1631, മംഗലാപുരം, 1868 നളചരിത സാരശോധന — 1867

(വിക്കിപ്പീഡിയയോട് കടപ്പാട്)

# ആമുഖം

മലയാള ഭാഷയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ജർമൻ ഭാഷാ പണ്ഡിതനായ ഹെർമ്മൻ ഗുണ്ടർട്ടിന്റെ (1814 ഫെബ്രുവരി 4 – 1893 ഏപ്രിൽ 25) ശേഖരത്തിൽപ്പെട്ടതാണ് ഈ പതിപ്പിന്റെ സ്രോതസ്സ്.

ബാസൽ മിഷൻ സൊസൈറ്റി 1874-ൽ ആരംഭിച്ച ഒരു മലയാള മാസികയായിരുന്ന കേരളോപകാരി. മംഗലാപുരത്തുനിന്നാണ് ഇത് അച്ചടിച്ചിരുന്നത്. ക്രിസ്തീയ സാഹിത്യം, ലേഖനങ്ങൾ, പഴഞ്ചൊല്ലുകൾ, നീതികഥകൾ, പാശ്ചാത്യസാഹിത്യം തുടങ്ങിയവയായിരുന്ന പ്രധാന ഉള്ളടക്കം. ഈ ആനുകാലികപ്രസിദ്ധീകരണത്തിന്റെ നാലാം വാല്യം ഒന്നാം ലക്കമാണ് ഇപ്പോൾ ഇവിടെ ലഭ്യമാക്കുന്നത്.

സായാഹ്ന ഫൗണ്ടേഷൻ
2016 ഓഗസ്റ്റ് 23

# 1

## THE NEW YEAR പുതുവാണ്ടു

ഈ 1877-ആം ആണ്ടു ഹിന്തുരാജ്യങ്ങളിൽ പാൎക്കുന്ന അനേകം ജനങ്ങൾക്കും ബഹു
കഷ്ടകാലം ആകും. മലയാളത്തിൽ എന്ന പോലെ മദ്രാസി, ബൊംബായി എന്നീ രണ്ടു
സംസ്ഥാനങ്ങളിൽ എങ്ങും മഴ മഹാദുൎല്ലഭമാകകൊണ്ടു മനുഷ്യന്റെയും മൃഗത്തിന്റെയും
ആഹാരത്തിനും പാനീയത്തിനും വളരെ മുട്ടു വന്നു പോയിരിക്കുന്നു. സൎക്കാരും ധൎമ്മി
ഷ്ഠന്മാരായ ധനവാന്മാരും പല ഇടത്തും ദരിദ്രൎക്കു സഹായിച്ചു, സങ്കടത്തെ ശമിപ്പിച്ചു
വരുന്നെങ്കിലും, അതിനെ മുറ്റും നീക്കുവാൻ അവൎക്കു കഴികയില്ല. മഹത്വവും കരുണയുമു
ള്ള ദൈവത്തിനു മാത്രം മേഘങ്ങളിൽ നിന്നു മഴ പെയ്യിക്കയും ഭൂമിയിൽ നിന്നു പുല്ലുകളെ
യും ധാന്യാദിഫലങ്ങളെയും മുളെപ്പിച്ചു വിളയിക്കയും, മനുഷ്യനും മൃഗത്തിനും തൃപ്തിയേയും
സന്തോഷത്തെയും വരുത്തുകയും ചെയ്യാം. മനുഷ്യൻ അപ്പത്താൽ തന്നെ അല്ല, ദൈ
വത്തിന്റെ സകല വചനത്താലത്രെ ജീവിക്കും, എന്നു നാം പഠിപ്പാൻ വേണ്ടി, ദൈവം
പലപ്പോഴും ക്ഷാമം മുതലായ ശിക്ഷകളെ പ്രയോഗിച്ചു, മനുഷ്യപുത്രന്മാരെ മാനസാന്തര
ത്തിലേക്കും സത്യത്തിന്റെ അറിവിലേക്കും നടത്തിപ്പാൻ നോക്കുന്നു. ആയവൻ ദുഷ്ടരി
ലും നല്ലവരിലും തന്റെ സൂൎയ്യനെ ഉദിപ്പിക്കയും, നീതിമാന്മാരിലും നീതികെട്ടവരിലും മഴ
പെയ്യിക്കയും ചെയ്യുന്നതു പോലെ, അവൻ ഇഹത്തിൽ നടത്തിക്കുന്ന ശിക്ഷാവിധികളും
എല്ലാവരിലും ഒരു പോലെ തട്ടുകയും ചെയ്യുന്നു. പകരുന്ന വ്യാധികളും യുദ്ധങ്ങളും ക്ഷാമ
ങ്ങളും ദുഷ്ടരെ മാത്രമല്ല, ശിഷ്ടരെയും പല വിധേന വലെക്കുന്നു, എങ്കിലും നീതികെട്ടവൻ
ദൈവശിക്ഷയെ അനുഭവിച്ചിട്ടു തന്റെ മനസ്സിനെ കഠിനമാക്കി പാപത്തെ വൎദ്ധിപ്പിക്കമാ
ത്രം ചെയ്യുന്ന സമയത്തു, ദൈവഭക്തിയുള്ള മനുഷ്യൻ: നമ്മുടെ പാപംനിമിത്തം ദൈവം
ന്യായമായി കോപിക്കയും, നമ്മുടെ അകൃത്യങ്ങൾ നിമിത്തം നമ്മെ ശിക്ഷിക്കയും ചെ
യ്യുന്നു. എന്നാലും അവന്റെ കോപത്തേക്കാൾ അവന്റെ സ്നേഹവും അവന്റെ നീരസത്തേ
ക്കാൾ അവന്റെ കരുണയും അത്യന്തം വലിയതു, എന്നു ഓൎത്തു, സ്വൎഗ്ഗസ്ഥപിതാവായ
അവനെ നോക്കി വിശ്വാസത്തോടെ സഹായത്തിന്നായി പ്രാൎത്ഥിച്ചുംകൊണ്ടു നടക്കു
ന്നു. അങ്ങിനെയുള്ള പ്രാൎത്ഥനയെ ദൈവം കേട്ടു തന്നിൽ ആശ്രയിക്കുന്ന മനുഷ്യനെ

അവന്റെ കഷ്ടപ്പാടുകളിൽ ആശ്വസിപ്പിച്ചു, പലപ്പോഴും ആശ്ചൎയ്യമാംവണ്ണം രക്ഷിക്കയും ചെയ്യും. എന്നതിന്നു ഞാൻ ഒർ ഉദാഹരണം പറയാം: 1877-ാമതിൽ യൂരോപ്പയിൽ മഴയുടെ പെരുപ്പം നിമിത്തം കൃഷികൾ മിക്കതും കെട്ടുപോയതുകൊണ്ടു, ഭക്ഷണാദികളുടെ വില ഭയങ്കരമാംവണ്ണം കയറി, ദരിദ്രക്കു നാൾ കഴിക്കേണ്ടതിനു ഏകദേശം പാടില്ലാതെയായി. പലരും വിശപ്പും അതിനാൽ പിടിച്ച വ്യാധികളുംകൊണ്ടു മരിച്ചു. അങ്ങിനെ ഇരിക്കുമ്പോൾ ഹില്ലർ എന്ന ദൈവഭക്തിയുള്ളൊരു നെയ്ത്തുകാരൻ തന്റെയും ഭാൎയ്യയുടേയും മൂന്നുകുട്ടികളുടെയും ദിവസവൃത്തിയെ കഴിപ്പാൻ വേണ്ടി നാൾ തോറും രാവിലെ തുടങ്ങി പാതിരാവോളം അദ്ധ്വാനിച്ചു പണി എടുക്കയും, 50 ഉറുപ്പിക കടം വാങ്ങുകയും ചെയ്തോറെയും, ഭവനത്തിൽ വിശപ്പേയുള്ളു. ഇനി എങ്ങിനെ ആഹാരം ഉണ്ടാകും? കടം വാങ്ങിയാൽ അതിന്നു പലിശ കൊടുക്കയും, പിന്നെതിൽ വീട്ടുകയും ചെയ്‌വതു എങ്ങിനെ? എന്നു പലപ്പോഴും വിചാരിക്കയും സംശയിക്കയും ദൈവത്തൊടു പ്രാൎത്ഥിക്കയും ചെയ്തശേഷം, ഒരു ഞായറാഴ്ചയിൽ ഭാൎയ്യയോടുകൂടെ കൃഷിഭൂമികളുടെ നടന്നു, ഓരോ സങ്കടം പറഞ്ഞപ്പോൾ അവൾ നമുക്കു സുഖമുള്ള സമയത്തു മാത്രമല്ല, ദുഃഖമുള്ള നാളിൽ പ്രത്യേകമായി ദൈവത്തിൽ ആശ്രയിച്ചു, അവന്റെ കൃപെക്കായി കാത്തിരിക്കേണ്ടതാകുന്നു, ആകാശത്തിലെ പക്ഷികളെ പോറ്റുന്നവൻ നമ്മെയും പോറ്റും, രക്ഷിപ്പാൻ കഴിയാത്തവണ്ണം അവന്റെ കൈ കുറുകിപ്പോയിട്ടില്ല, അവൻ സഹായിച്ചു നമ്മുടെ കഷ്ടത്തെ തീൎക്കും, എന്നു പറഞ്ഞ ആശ്വാസവാക്കു അവൻ കേട്ടു മിണ്ടാതെ നടന്നു, ഭവനത്തിൽ എത്തി കുറയ നേരം വെറുതെ ഇരുന്നാറെ, പലകയിൽനിന്നു വേദപുസ്തകം എടുത്തു വിടൎത്തു ൨൩ാം സങ്കീൎത്തനം കണ്ടു വായിച്ചുതുടങ്ങി: കൎത്താവു എന്റെ ഇടയൻ ആകുന്നു, എനിക്കു മുട്ടുണ്ടാകയില്ല എന്നു ഒന്നാം വാക്കു തന്നെ വായിച്ചു ഞെട്ടി, അയ്യൊ എനിക്കു എത്ര മുട്ടുണ്ടു! എന്നു വിചാരിച്ചു ദുഖിച്ചു മുന്നോട്ടു വായിച്ചു, അവൻ എന്റെ ആത്മാവിനെ തിരിപ്പിച്ചു, എന്ന വാക്കോളം എത്തി. ഇതു കടലാസ്സിന്റെ താഴെ ഒടുക്കത്തെ വാക്കാകകൊണ്ടു അതിനെ മറിച്ചു, മറുഭാഗത്തു വായിപ്പാൻ നോക്കിയപ്പോൾ ചേൎച്ചയില്ല എന്നു കണ്ടു, രണ്ടു കടലാസ്സുകളെ ഒരുമിച്ചു മറിച്ചു വെച്ചു എന്നും, ഒരു കടലാസ്സു മറ്റേതിനോടു പശകൊണ്ടു പറ്റിച്ചിരിക്കുന്നു എന്നും അറിഞ്ഞു, ഒരു കത്തി എടുത്തു കീറി കടലാസ്സുകളെ വേൎപ്പെടുത്തിയപ്പോൾ 50 പൌണ്ടിന്റെ ഒരു ഹുണ്ടിക ഇതാ പുസ്തകത്തിൽ കണ്ടു സന്തോഷിച്ചു. താൻ ആ പുസ്തകത്തെ ഒന്നര സംവത്സരത്തിന്നു മുമ്പെ ഒരു ചില്ലറവാണിഭനോടു വിലെക്കു വാങ്ങിയതുകൊണ്ടു ആ പണം എടുത്തു അനുഭവിപ്പാൻ തനിക്കു ന്യായം ഉണ്ടോ ഇല്ലയോ, എന്നു അറിയേണ്ടതിനു ആയാളുടെ അടുക്കൽ ചെന്നു, കാൎയ്യത്തെ അറിയിച്ചു. എന്നാറെ വാണിഭൻ ഹാ സ്നേഹിതാ, ബഹുകാലം ലന്തരുടെയും ഇംഗ്ലിഷുകാരുടെയും കപ്പലുകളിൽ പണി ചെയ്തു വയസ്സനായി തന്റെ നാട്ടിലേക്കു മടങ്ങിവന്നു ഇവിടെ മരിച്ച ഒരു വസ്തുക്കാരന്റെ വീട്ടുസാമാനങ്ങളെ ലേലം വിളിച്ചു വില്ക്കുമ്പോൾ, ഞാൻ അവന്റെ വേദപുസ്തകത്തെ മറ്റുള്ള ചരക്കോടുകൂടെ വാങ്ങി ഇത്ര വലിയ നിധി അതിന്റെ അകത്തു ഉണ്ടു എന്നു ഞാൻ അറിഞ്ഞിട്ടില്ല. നിങ്ങൾ പുസ്തകത്തെ എന്നോടു വാങ്ങിയ സമയത്തിൽ ഈ മുതലിനെകൊണ്ടു ഒർ അറിവുമുണ്ടായതുമില്ല. ഹുണ്ടിക എനിക്കുള്ളതല്ല, അതു എനിക്കു വേണ്ടാ. മരിച്ചവന്റെ സംബന്ധക്കാരും അവകാശികളും ആരുമില്ല. അതു കൂടാതെ തന്റെ പുസ്തകത്തെ വാങ്ങി,

നല്ലവണ്ണം വായിക്കുന്നവന ഈ ധനം കിട്ടേണം, എന്നു വിചാരിച്ചിട്ടത്രെ അക്കിഴവൻ ഹുണ്ടിക അവിടെ വെച്ചുപോന്നു, എന്നു എനിക്കു തോന്നുന്നു. ആകയാൽ ഇതു ദൈവം നിങ്ങൾക്കു സമ്മാനിച്ച തന്ന അനുഗ്രഹം തന്നെ എന്നു വാണിഭൻ പറഞ്ഞു, ഇരുവരും സന്തോഷിച്ചു ദൈവത്തെ സ്തുതിക്കയും ചെയ്തു. പിന്നെ നെയ്ത്തുകാരൻ താൻ വാങ്ങിയ കടം വീട്ടി, ക്ഷാമം തീരുവോളം സങ്കടം കൂടാതെ നാൾ കഴിച്ചു, മറ്റും ചില ദരിദ്രക്കാൎക്കു സഹായം ചെയ്തു ദുഖിതൎക്കു ആശ്വാസത്തെ വരുത്തി. ക്ഷാമം തീൎന്നശേഷം അവൻ ഒരു പുതിയ ഭവനത്തെ കെട്ടി സൌഖ്യത്തോടെ പാൎക്കയും ജീവപൎയ്യന്തം ദൈവനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. അവന്റെ മകൻ ദൈവഭക്തിയുള്ളൊരു ഗുരുനാഥനായിത്തീൎന്നു, താൻ പഠിപ്പിച്ച കുട്ടികളോടു ദൈവത്തിന്റെ സ്നേഹത്തെ കുറിച്ചു സംസാരിച്ചപ്പോൾ, പലപ്പോഴും ക്ഷാമകാലത്തിൽ അച്ഛനു ഉണ്ടായ ദൈവസഹായത്തെ അറിയിക്കയും ചെയ്തു. ഈ നെയ്ത്തുകാരനെ പോലെ ദൈവത്തിൽ ആശ്രയിച്ചു, അവന്റെ കൃപെക്കായിട്ടു കാത്തിരിക്കുന്ന ഏവൎക്കും ക്ഷാമകാലത്തിലും മറ്റു എല്ലാകാലങ്ങളിലും ദൈവത്തിന്റെ സഹായവും അനുഗ്രഹവും, അവരുടെ ആണ്ടുകൾ തീൎന്ന ശേഷം നിത്യ മഹത്വവും സന്തോഷവും ഉണ്ടാകും നിശ്ചയം.

# 2

## HISTORY OF THE BRITISH EMPIRE ഇംഗ്ലിഷ ചരിത്രം

(Continued from No. 12, page 188.)

കറുത്ത പ്രഭുവും അവന്റെ പിതാവായ മൂന്നാം എദ്വർദ്ദും മരിച്ചശേഷം, രാജാധിപത്യം ഏൽക്കുവാനായി കറുത്ത പ്രഭുവിന്റെ ഏക പുത്രനായ രിചാൎദിനു പ്രായം പോരായ്കയാൽ, അവന്റെ കാരണ വരായ ലങ്കസ്തർ, ഗ്ലോത്തർ, യോൎക്ക, എന്നീ മൂന്നു തമ്പുരാക്കന്മാർ രാജ്യത്തിലെ വേറെ ചില മഹാന്മാരുമായി കാൎയ്യാദികളെ നടത്തിച്ചു. പരന്ത്രീസ്സും സ്കൊത്ലാന്തുമായ യുദ്ധങ്ങൾ തീൎപ്പായിരുന്നില്ലെങ്കിലും, അവ മന്ദിച്ചേ നടന്നുള്ളു. ലങ്കസ്തരും യോൎക്കും സ്പാന്യരാജപുത്രിമാരെ വേട്ടതുകൊണ്ടു, സ്പാന്യയുടെ ഒരു അംശമായ കസ്തീലരാജ്യത്തിനു അവകാശം ചൊല്ലി, തങ്ങളുടെ അവകാശത്തെ ഇംഗ്ലിഷസേനകളെകൊണ്ടു സ്ഥിരപ്പെടുത്തുവാൻ ശ്രമിച്ചു. ഈ വക യുദ്ധങ്ങളുടെ ചെലവു കിട്ടേണ്ടതിനു മന്ത്രിസഭ കൂടി നിരൂപിച്ചു, എദ്വർദരാജാവിന്റെ അന്ത്യകാലത്തിൽ നടപ്പായിരുന്ന തലപ്പണം (Poll-tax) പുതുതായി ചാൎത്തുവാൻ കല്പിച്ചു. ആളൊന്നു കാലത്താൽ എട്ടു അണ (ഒരു ശിലിങ്ങ്) മാത്രമെ കൊടുക്കേണ്ടു, എങ്കിലും പതിനഞ്ചു വയസ്സിനു മേല്പട്ടു ഏവരും, വടി കുത്തി കൂനരായി നടക്കുന്ന കിഴവികിഴവന്മാരോളവും ഒരു പോലെകൊടുക്കേണ്ടി വന്നതിനാൽ, ജനങ്ങൾക്കു വളരെ നീരസം ഉണ്ടായി. നിൎദ്ദയരായ ധനവാന്മാർ അതിന്റെ കുത്തത ഏറ്റു, കഴിയുന്നെടത്തോളം ലാഭം ഉണ്ടാക്കുവാനായി ഹേമിച്ചു പണം വാങ്ങി, പലപ്പോഴും സാധുക്കളുടെ നേരെ വല്ലാത്ത നിൎമ്മൎയ്യാദകളെ കാണിച്ചു. അതുകൊണ്ടു ജനങ്ങൾ ഏറ്റവുംവെറുത്തു, ചില സ്ഥലങ്ങളിൽ നിന്നു മത്സരിച്ചുതുടങ്ങി. ആ സമയത്തു കെന്തിൽ വെച്ചു തലപ്പണം പിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ വത്തൈലർ, എന്നവന്റെ മകളെ അപമാനിക്കകൊണ്ടു, അവളുടെ അപ്പൻ അവനെ അവിടെ തന്നെ കുത്തിക്കൊന്നു. പിന്നെ പുരുഷാരം വന്നു കൂടി കുലപാതകനെ തലവനാക്കി, രാജ്യത്തുടെ കടന്നപ്പോൾ അനേകം മത്സരികൾ ചേൎന്നു തങ്ങൾ സഹിച്ച സാഹസങ്ങൾ നിമിത്തം പ്രതികാരം വേണം, എന്നു നിശ്ചയിച്ചു ബഹു സംഘമായി ലൊണ്ടനഗരത്തിന്നാമാറു നടന്നു. ഈ വൃത്താന്തങ്ങൾ രാജ്യത്തിൽ ശ്രുതിപ്പെട്ടാറെ

പല ദിക്കുകളിൽ നിന്നും കലഹക്കാർ ഇളകി കൂട്ടം കൂടി മൂലസ്ഥാനത്തിന്നായി പുറപ്പെട്ടു, വഴിയിൽ വെച്ചു ധനവാന്മാരെ ഹിംസിച്ചും കവൎന്നും കൊണ്ടു വത്തൈലരുടെ സമൂഹത്തോടു ചേൎന്നു. അവർ ലൊണ്ടൻ നഗരത്തിന്റെ സമീപത്തു എത്തി, രാജാവിനെ കണ്ടു സങ്കടം ബോധിപ്പിക്കേണം, എന്നു ഉണൎത്തിച്ചപ്പോൾ കോവിലകക്കാരുടെ ഉപദേശം കേട്ടു, കുറയ നേരത്തേക്കു അവരുടെ അപേക്ഷ വിചാരിയാതെ പാൎത്തു. (ക്രിസ്താ. 1381).

എന്നാറെ കലഹക്കാർ നഗരത്തിൽ പ്രവേശിച്ചു ഭംഗിയുള്ള പലകൊട്ടാരങ്ങളെയും കൊള്ളയിട്ടും തീ കൊടുത്തും വൻഗോപുരത്തെ ആക്രമിച്ചും കെന്തപ്പുരിയിലെ മുഖ്യാദ്ധ്യക്ഷനെ പിടിച്ചു കുലചെയ്തും, തെരുക്കളിൽ കണ്ടു കിട്ടിയ ഏതു ധനവാനെയും അന്യദേശക്കാരനെയും ഹിംസിച്ചുകൊണ്ടു നടന്നു. നഗരവീഥികൾഏതു നാശത്തെയും നിവൃത്തിയാക്കുവാൻ ഒരുങ്ങിയിരിക്കുന്ന വികൃതികളും കുടിച്ചു മത്തന്മാരായി നിലത്തു വീണുകിടക്കുന്ന ദുൎജ്ജനങ്ങളും കൊണ്ടു നിറഞ്ഞിരുന്നു. ഇത്തൊഴിലുകൾ നഗരത്തിൽ നടന്നപ്പോൾ രാജാവു കോവിലകം വിട്ടു, നഗരസമീപത്തു പാളയം ഇറങ്ങിയ മത്സരികളുടെ ഒരു കൂട്ടം ചെന്നു കണ്ടു, സ്നേഹമായി അവരോടു സംസാരിച്ചു: നിങ്ങളുടെ സങ്കടം ഞാൻ തീൎക്കും, എന്നു പറഞ്ഞു ദ്രോഹം നിമിത്തം തടവിൽ അകപ്പെട്ടവരെ വിട്ടയക്കും; എന്ന വാഗ്ദത്തം ചെയ്തു അവരെ ശാന്തപ്പെടുത്തിയ ശേഷം, രാജാവിന്റെ ഈ കല്പന നമുക്കു മതി, എന്നു പലരും വിചാരിച്ചു ദുൎമ്മതം വിട്ടു സമാധാനത്തോടെ തങ്ങളുടെ വീടുകളിലേക്കു മടങ്ങിപ്പോയി. പിറ്റെനാൾ രാജാവു നഗരമേധാവിയേയും മറ്റും ചില കോവിലകക്കാരേയും കൂട്ടിക്കൊണ്ടു സ്മിത്ഫീല്ദ, എന്ന സ്ഥലത്തു പാളയം ഇറങ്ങിയിരിക്കുന്ന വത്തൈലരേയും, അവന്റെ കൂട്ടരേയും ചെന്നു കണ്ടു. അപ്പോൾ വത്തൈലർ ശങ്കവിട്ടു ഗൎവ്വത്തോടെ മുതിൎന്നു, രാജാവിന്റെ നേരെ വരുന്നതിനെ നഗരമേധാവി കണ്ടു അവനെ അവിടെ വെട്ടിക്കൊന്നു.

എന്നതിനെ മത്സരികൾ കണ്ടു കോപമത്തരായി വില്ലുകളെ കുലെച്ചു, നാഥനു വേണ്ടി പ്രതിക്രിയ ചെയ്യേണം, എന്നു വെച്ചു സംഘമായി രാജാവിന്റെയും അവന്റെ ചെറുകൂട്ടത്തിന്റെയും നേരെ ചെന്നപ്പോൾ, രാജാവു ധൈൎയ്യം പൂണ്ടു, ശാന്തചിത്തനായി തനിച്ചു മുന്നോട്ടു ചെന്നു, കോപാഗ്നിയാൽ പുകയുന്ന കൂട്ടത്തെ നോക്കി: അല്ലയോ, എന്റെ ജനങ്ങളേ, നിങ്ങളുടെ രാജാവിനെ കൊല്ലുവാൻ പോകുന്നുവോ? വത്തൈലർ സ്വാമിദ്രോഹിയല്ലയോ? എന്റെ കൂടെ വരുവിൻ, ഞാൻ നിങ്ങളുടെ നാഥൻ ആകും, എന്നു പറഞ്ഞാറെ അവരുടെ ക്രോധം നീങ്ങി ശാന്തതവന്നശേഷം, അവർ രാജാവിനോടു കൂടെ ഇസ്ലംക്ഷോൻ, എന്ന ഉപനഗരത്തിന്റെ സമീപത്തുള്ള ഒരു സ്ഥലത്തേക്കു ചെന്നു, അവിടെ അവൻ തലനാളിൽ അവരുടെ ചങ്ങാതികൾക്കു ചെയ്ത വാഗ്ദത്തങ്ങളെ ഇവൎക്കും ഉറപ്പിച്ചു.ഇതിന്നിടയിൽ പട്ടാളങ്ങൾ എത്തി എങ്കിലും ആയുധങ്ങൾ ഇല്ലാത്ത ഈ കൂട്ടത്തെ തൊടരുതു എന്നു രാജാവു കല്പിച്ചു. ഇങ്ങിനെ രാജാവിന്റെ സുശീലം കണ്ടു വാഗ്ദത്തങ്ങളെ കേട്ടതിനാൽ മത്സരികൾ ശാന്തരായി ധിക്കാരം വിട്ടു തങ്ങളുടെ വീടുകളിലേക്കു മടങ്ങിച്ചെന്നു. എങ്കിലും കലഹം അമൎന്നശേഷം മന്ത്രിസഭ കൂടി നിരൂപിച്ചു, രാജാവും ദ്രോഹികൾക്കു ചെയ്ത വാഗ്ദത്തങ്ങളെ ദുൎബ്ബലപ്പെടുത്തിയതുകൊണ്ടു, അവന്റെ ജനരഞ്ജനെക്കു ബഹു കുറവു വന്നുപോയി. ഈ ദ്രോഹങ്ങൾ നടന്ന സമയത്തു രാജാവിനു പതിനാറാം വയസ്സു തികഞ്ഞതുകൊണ്ടു കോയ്മതാൻ ഏല്ക്കുന്ന കാലം ആയല്ലോ, എന്നു വെച്ചു അതിന്നായിട്ടു ഒരുങ്ങിനിന്നു ബഹേമിയ

രാജപുത്രിയായ അന്നയെ വേളികഴിച്ചു. അവൾ മഹാസുശീലയും ദയയുള്ളവളുമാകകൊണ്ടു, ജനങ്ങൾ അവൾക്കു പുണ്യവതി എന്ന പേരിടുകയും ചെയ്തു.


എന്നാൽ രാജാവിന്റെ പ്രായം വദ്ധിച്ചതു പോലെ അവന്റെ സുബുദ്ധി വദ്ധിച്ചില്ല അവന്റെ പൂൎവ്വപിതാവായ രണ്ടാം എദ്വദിനു ആപത്തു വന്ന വഴിയിൽ താനും നടന്നു, തോഴന്മാൎക്കു പ്രത്യേക ഉപകാരങ്ങളെ കാട്ടിത്തുടങ്ങി. അവന്റെ ഉറ്റ സ്നേഹിതൻ ഒക്സഫൊൎത്തപ്രഭുവായ രൊബൎത്ത്ദേവേർ തന്നെ. ആയവനു രാജാവു ദുബ്ലിൻപുരാൻ എന്നും, ഐയൎലന്തിൻ തമ്പുരാൻ എന്നുമുള്ള സ്ഥാനനാമങ്ങളെ ക്രമേണ കല്പിച്ചു കൊടുത്തും ഈ കാൎയ്യംനിമിത്തം മഹാന്മാൎക്കു ബഹു നീരസം ഉണ്ടു എന്ന ഗ്ലോസസ്തൎതമ്പുരാൻ അറിഞ്ഞു, ഇങ്ങനെയുള്ള നിൎമ്മൎയ്യാദകൾ രാജ്യത്തിൽ നടക്കരുതു എന്നു നിശ്ചയിച്ചു പലരുമായി നിരൂപിച്ചു, ഒരു കൂട്ടുകെട്ടുണ്ടാക്കി രാജാവിനു ഒരു അധികാരവുമില്ല എന്നു കല്പിച്ചു, അവന്റെ മന്ത്രികളെയും ന്യായാധിപതിമാരെയും പിഴുക്കി, ചിലരെ കൊല്ലിക്കയും ചെയ്തു. പിന്നെ രാജാവു ഒരു സംവത്സരം അനങ്ങാതെ പാൎത്ത ശേഷം ഇതു അസഹ്യം എന്നു വിചാരിച്ചു, രാജ്യാധികാരം ഏറ്റുകൊൾവാൻ തക്കം നോക്കി ആലോചനസഭയെ നീക്കി, കാൎയ്യാദികളെ താൻ നടത്തിച്ചു തുടങ്ങിയാറെ, കുറയക്കാലം ക്ഷേമം ഉണ്ടായി. എന്നാൽ ഗ്ലോസസ്തർ മറ്റു പല മഹാന്മാരുമായി ദൂഷ്യം വിചാരിച്ചു രഹസ്യത്തിൽ ഓരോ ദുഷ്ക്കറുകളെ നടത്തിച്ചു ഇത്തൊഴിലുകളെ രാജാവു അറിഞ്ഞു: ഈ ദുഷ്ടകാരണവരുടെ ഉപദ്രവം ജീവനോളം പൊറുക്കാമോ? ഈ കാൎയ്യത്തിനു ഞാൻ ഒരു നിവൃത്തിയെ വരുത്തും എന്നു ചൊല്ലി, ചില ചങ്ങാതിമാരോടു കൂടെ തമ്പുരാന്റെ കോവിലകത്തു ചെന്നു, സ്നേഹഭാവം നടിച്ചു ഗുണദോഷങ്ങളെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ രാജാവിന്റെ കൂട്ടാളികൾതമ്പുരാനെ പിടിച്ചു കടല്പുറത്തു കൊണ്ടുപോയി കപ്പലിൽ കയറ്റി കല്ലായിക്കോട്ടയിലാക്കി പാൎപ്പിച്ചു. (ക്രിസ്താ. 1397.) തമ്പുരാൻ ആ കോട്ടയിൽനിന്നു മരിച്ചതുകൊണ്ടു അവൻ നേരില്ലാത്തരാജാവിന്റെ നിയോഗപ്രകാരം കുലപാതകരുടെ കൈയാൽ മരിച്ചു, എന്നു പലരും പറഞ്ഞു. ഈ ചതിവിനാൽ രാജാവു ജനനീരസവും ലോകാപവാദവും തന്റെ മേൽ വരുത്തി.

ഗ്ലൊസസ്തർ മരിക്കുന്നതിനു മുമ്പെ രാജാവു പരന്ത്രീസ്സകോനുമായി സന്ധിച്ചു, പുണ്യവതിയായ അന്നരാജ്ഞി മരിച്ച ശേഷം ഒരു പരന്ത്രീസ്സകുമാരിയെ വേട്ടതിനാൽ ഇംഗ്ലിഷപ്രജകളുടെ രസക്കേടും രാജാവിന്റെ അപശ്രുതിയും നീളെ പരന്നു. അക്കാലത്തു ഐയൎലന്തിൽ ഒരു മത്സരം ഇളകിയതുകൊണ്ടു അവൻ ഒരു സൈന്യത്തെ കൂട്ടി, അതിനെ അമൎക്കുവനായി പുറപ്പെട്ട ശേഷം, താൻ മുമ്പെ നാട്ടു കടത്തിയിരുന്ന തമ്പുരാനായ ലങ്കസ്തർ അന്യവാസത്തെ ചുരുക്കി, ഇംഗ്ലന്തിലേക്കു മടങ്ങിച്ചെന്നെത്തിയപ്പോൾ, ജനങ്ങൾ അവനെ സന്തോഷത്തോടെ കൈക്കൊണ്ടതല്ലാതെ ബലമേറിയ നൊൎത്തുമ്പൎലന്തപ്രഭുവും രാജാവിന്റെ ക്രൂരതയാൽ ഓരോ സങ്കടങ്ങളെ അനുഭവിച്ച മറ്റു പല മഹാന്മാരും അവനോടു ചേൎന്നു, വേണ്ടുന്ന സഹായം ചെയ്യാം, എന്നു പറഞ്ഞു. തന്റെ അവകാശം മാത്രം വീണ്ടുകൊൾവാൻ വന്നു, എന്നു അവൻ ആദ്യം പറഞ്ഞു എങ്കിലും ചേൎച്ചക്കാരുടെ ബലമഹത്വങ്ങളെയും ജനങ്ങളുടെ സന്തോഷത്തെയും കണ്ടപ്പോൾ, രാജ്യാധിപത്യത്തെയും കൊതിച്ചു തുടങ്ങി. രാജാവു ഐയൎലന്തിൽ താമസിച്ച കാലത്തു നാടുവാഴിക്കുന്ന തമ്പുരാനായ യോൎക്ക് വശീകരണം കേട്ടു ലങ്കസ്തരിന്റെ പക്ഷത്തിൽ ചേൎന്ന ശേഷം, പട്ടാളങ്ങളും ജനങ്ങൾ

മിക്കതും അവനെ വഴിപ്പെട്ടു. ഈ സങ്കടവൎത്തമാനം രാജാവു കേട്ട ഉടനെ ഐയൎല്ന്ത വിട്ടു, ഇംഗ്ലന്തിലേക്കു മടങ്ങിച്ചെന്നു. അവിടെ എത്തിയപ്പോൾ കാൎയ്യം അബദ്ധം, പ്രജകളും സേനകളും അന്യപക്ഷത്തിൽ ചേൎന്നു പോയി, എന്നു കണ്ടു ലങ്കസ്തരിനെ കാണേണം, എന്നു പറഞ്ഞതിനെ ഇവൻ സമ്മതിച്ചു രാജാവിനെ തടുത്തു പാൎപ്പിച്ചു, രാജ്യത്തെ രക്ഷിപ്പാൻ ഞാൻ സഹായിക്കാം എന്നു വ്യാജം പറഞ്ഞു പിന്നെ മന്ത്രസഭ കൂടി നിരൂപിച്ചു രാജാവിനു സ്ഥാനഭ്രംശം കല്പിച്ചു, അവനെ തടവിൽ പാൎപ്പിച്ചതല്ലാതെ രാജാധിപത്യം ഏറ്റു കൊള്ളേണം എന്നു ലങ്കസ്തരിനോട് അപേക്ഷിച്ചു. പിഴകിയ രാജാവു കുറയ കാലം പെന്തപ്പൊൎത്തു, എന്ന കോട്ടയിൽ തടവുകാരനായി പാൎത്ത ശേഷം പുതിയ രാജാവിന്റെ നിയോഗപ്രകാരം കുലപാതകരുടെ കൈയാൽ മരിച്ചു. (ക്രിസ്താ. 1399.) അവൻ മരിച്ചതു നേർ തന്നെ എന്നു ജനങ്ങൾക്കു കാണിപ്പാൻ വേണ്ടി ശവത്തെ ലൊണ്ടൻനഗരത്തെരുക്കളിൽ കൂടി കടത്തി എങ്ങും ദൎശിപ്പിച്ചു. ബഹു ശുഭലക്ഷണം കൊണ്ടുവാഴുവാൻ തുടങ്ങിയ രണ്ടാം രിചാൎദ്, എന്ന രാജാവിന്റെ അവസാനം ഇതത്രെ. ബലഹീനനും ദുൎമ്മാൎഗ്ഗിയും ക്രൂരനുമായി നടന്നതിനാൽ അവൻ തന്റെ സ്വന്ത തലമേൽ നാശം വരുത്തി. അവന്റെ ബുദ്ധിക്കുറവുകൾ അവനു വിരോധമായി പൊരുതു കൊണ്ടിരുന്നു. (To be continued)

# 3

## DELHI ദില്ലി നഗരം




ഹിന്തുസ്ഥാനത്തിൽ കീൎത്തിപ്പെട്ട പുണ്യക്ഷേത്രങ്ങളിൽ കാശിരാമേശ്വരങ്ങൾ ശ്രുതിപ്പെട്ടവ ആകുന്നപ്രകാരം, കീൎത്തിതങ്ങളായ രാജധാനികളിൽ ഡില്ലി എന്ന നഗരം വിളങ്ങുന്നു. ഈ നഗരത്തെ സംബന്ധിച്ച ചില വിശേഷങ്ങളെ വിവരിക്കുന്നതിൽ നമ്മുടെ വായനക്കാർ സന്തോഷിക്കും എന്നു വിചാരിച്ചു പോന്നു.

വിക്ടോരിയാ മഹാരാണിയുടെ ഉപരാജാവും ഹിന്തു രാജ്യപരിപാലനയിൽ സൎവ്വാധിപത്യം നടത്തുന്നവരുമായ ലിട്ടൻ പ്രഭു കഴിഞ്ഞ അഗസ്ത മാസത്തിൽ ഒരു വിളംബരം പുറപ്പെടുവിച്ചു പരസ്യമാക്കിയതിൻെറ സാരാംശമെന്തെന്നാൽ: 1877 ജനവരി ൧-ആംനു ഡില്ലിയിൽ ഏറ്റവും അപൂൎവ്വമായ ഒരു മഹാ ദൎബ്ബാർ ഉണ്ടാകും. വിക്ടോരിയാ മഹാരാണി താൻ ഹിന്തുസാമ്രാജ്യ കാൎയ്യങ്ങളിൽ വെച്ചിരിക്കുന്ന താല്പൎയ്യത്തെയും പ്രജകളുടെ ഗുണത്തിന്നായി തനിക്കുള്ള വാത്സല്യ വിചാരത്തെയും നാട്ടുരാജാക്കന്മാരുടെയും പ്രജകളുടെയും സ്നേഹപൂൎവ്വമായിരിക്കുന്ന രാജഭക്തിയെ കുറിച്ചു തനിക്കുള്ള സന്തോഷപൂൎവ്വമായ ഉറപ്പിനെയും കാണിപ്പാൻ വേണ്ടി, തൻെറ നാമാവലിയോടു ഹിന്തു ചക്രവൎത്തിനി [Empress of India], എന്ന പുതു നാമധേയത്തെ ചേൎത്തു കൊൾവാൻ പ്രസാദിച്ചതു, ആ മഹാസഭയിൽ പ്രസിദ്ധമാക്കപ്പെടുകയും ഹിന്തുരാജ്യത്തിൽ എങ്ങും അറിയിക്കപ്പെടുകയും ചെയ്യും.

മേല്പറഞ്ഞ മഹാമംഗലകാൎയ്യത്തിനു ഹിന്തുസ്ഥാനത്തിലെ ഉപരാജാവായ ലിട്ടൻ പ്രഭുവും, ഇംഗ്ളിഷ സൎക്കാരിൻെറ അധിപതിമാരും, അതാത വകുപ്പുകളുടെ പ്രധാനികളും രാജദൂതന്മാരും, നാട്ടുരാജാക്കന്മാരും ശ്രീമാന്മാരും ഇടപ്രഭുക്കളും താന്താങ്ങളുടെ പരിജനങ്ങളോടു കൂടെ ഡില്ലിയിൽ വന്നു നിറയും. ഈ മഹാകാൎയ്യത്തിനു കൂടിയ മഹാരാജസഭയുടെ മഹിമെക്കു തക്കതായ ആടോപങ്ങളും ആഡംബരങ്ങളും അനവധിയായി ഉണ്ടാകും, എന്നതിനു സംശയമില്ല. തല്ക്കാലം കമലഹീനമായ തടാക തുല്യമായിരിക്കുന്ന ഡില്ലി രാജധാനി ആ സമൂഹത്തിൽ ഒരു നല്ല സരോജിനിയെ പോലെ ഹിന്തു രാജ്യത്തിലെ പട്ടണങ്ങളിൽ ആ അടിയന്തരം നടക്കുന്ന ഏഴെട്ടു ദിവസമെങ്കിലും വീണ്ടും ശോഭിക്കും.

1877-ആമതിൽ ഉണ്ടാവാൻ പോകുന്ന ഈ കാൎയ്യത്തെ വിചാരിച്ചാൽ 1857-ആമതിൽ നടന്ന മത്സരകാൎയ്യം ഓൎമ്മെക്കു വരാതിരിക്കില്ല. സിപ്പായികൾ ദുരുപദേശം കേട്ടു, ഇങ്ങുമങ്ങും കലഹം തുടങ്ങി, തരം കിട്ടിയേടത്തു മഹാരാക്ഷസക്രിയകളെ നടത്തി, ഇംഗ്ലിഷ്കാരെ വെട്ടിത്തെറിച്ചു മഹമ്മതശ്ശാഃ എന്ന കിഴവനായ രാജാവിനെ ഹിന്തുചക്രവൎത്തി, എന്നു നിശ്ചയിച്ചു ഡില്ലിപട്ടണത്തിൽ ഇരുത്തിയ കാലത്തു, ഇരുപതു വൎഷത്തിൽ പിന്നെ വിക്ടോരിയാ മഹാരാണി തന്നെ ഈ പട്ടം ധരിക്കും എന്നു ആൎക്കു തോന്നുമായിരുന്നു? മേപ്പടി മഹമ്മതശ്ശാഃ 1837 തുടങ്ങി ഇരുപതു വൎഷത്തോളം ഇംഗ്ലിഷ്കാൎക്കു കീഴ്പെട്ടും, പിന്നെ 1857 സെപ്തമ്പർ മാസത്തിൽ ൮, ൧൦ തിയ്യതികളൊ ഇംഗ്ലിഷ് വാഴ്ചയെ അതിക്രമിച്ചു സ്വതന്ത്രനായും, ഡില്ലിയിലെ മഹാമുകിള സിംഹാസനത്തിൽ ഇരുന്ന ശേഷം, ഇംഗ്ലിഷ്കോർ കലഹക്കാരെ ജയിച്ചു ഡില്ലിയെ അടക്കി, മഹമ്മതശ്ശാവിനെ ദയ വിചാരിച്ചു കൊല്ലാതെ, പേഗു ദേശത്തേക്കു നാടു കടത്തി, അവൻ്റെ പുത്രപൌത്രന്മാരെ അവർ ചെയ്തതിൻ്റെ പ്രതികാരത്തിന്നായി കൊന്നു കളഞ്ഞു. ആകയാൽ മഹമ്മതശ്ശാഃ മഹാമുകിളസ്വരൂപത്തിൽ പതിനേഴാമനും ഒടുക്കത്തവനുമായിരുന്നു.

ഡില്ലിയിലെ തെരുവീഥികളും വീടുചുമരുകളും കല്ലുകളും തങ്ങൾക്കു വായുണ്ടെങ്കിൽ, എന്തെല്ലാം കഥകളെ പറഞ്ഞറിയിക്കുമായിരുന്നു? 1857-ാമതിൽ ഇംഗ്ലീഷ് വാഴ്ചയെ നീക്കി, കലഹക്കാരുടെതു സ്ഥാപിപ്പാൻ വേണ്ടി, എത്രയൊ മനുഷ്യരക്തം ചിന്നിപ്പോയി? അതിൽ പിന്നെ കലഹക്കാരുടെതു നീക്കി ഇംഗ്ലിഷ്കാരുടെ വാഴ്ചയെ വീണ്ടും ക്രമപ്പെടുത്തുവാൻ



(ഡില്ലിയിലെ അവസാനത്തെ രാജാവായ മഹമ്മതശ്ശാഃ)

എത്രയൊ ജനങ്ങൾ നശിച്ചു പോയി? എത്ര ആളുകൾ ആ മത്സരം ഹേതുവായി ദുഃഖപരവശന്മാരായിതീൎന്നിരിക്കും? ഇംഗ്ലീഷ്ക്കാർ 1803-ാമതിൽ മഹാറാട്ടികളെ ജയിച്ചു ഡില്ലിയെ ഒന്നാം പ്രാവശ്യം പിടിച്ചപ്പോഴും, മഹാറാട്ടികൾ അതിനെ പിടിച്ചപ്പോഴും പാസ്സിരാജാവായ നദീർശ്ശാഃ അതിനെ പിടിച്ചു ഏകദേശം 30,000 നിവാസികളെ കൊന്നു, എല്ലാം കത്തിക്കവന്നു അനവധി ദ്രവ്യം കൊള്ളയിട്ടപ്പോഴും, ഔറങ്ങസീബിന്റെ കാലത്തിലും, ബാബർ അതിനെ പിടിച്ചു മഹാമുകിള സാമ്രാജ്യത്തിന്റെ തലസ്ഥാനമാക്കിയപ്പോഴും, മുകളസ്വരൂപത്തിന്റെ കാരണവരും മനുഷ്യപ്പുലിയുമായ തിമൂല്ലങ്ങ അതിനെ പിടിച്ചു കവൎന്ന സമയത്തും, എത്ര നാശവും കണ്ണീരും ചോരയും വിലാപവും ആ പട്ടണത്തിൽ ഉണ്ടായിരുന്നു? ഇതൊക്കെ വിചാരിച്ചാൽ ഈ നഗരരത്നം ഒരു വലിയ ശവക്കുഴി, എന്നു പറയേണ്ടതിന്നു ഹേതുവുണ്ടു.

എങ്കിലും ഈ കാലത്തിന്നും മുകിളരുടെ കാലത്തിന്നും തമ്മിലുള്ള ഭേദാഭേദങ്ങൾ കണ്ടുവ

രേണ്ടതിനായി ചില മുകിളസ്വരൂപക്കാരെ കുറിച്ച ചുരുങ്ങിയ വൎത്തമാനം എഴുതുന്നു.

തിമുല്ലങ്ങ ജിങ്കിസ്ഖാന്റെ (൨) താവഴിയിൽ ഒരുവനായി പടിഞ്ഞാറെ തുൎക്കിസ്ഥാന്റെ നടുവിലുള്ള സമൎക്കാന്തപട്ടണത്തെ തന്റെ രാജധാനിയാക്കി പെരുമ്പുലി തന്റെ മടയിൽ നിന്നു മൃഗവേട്ടക്കു പുറപ്പെട്ടും പോലെ അവിടെ നിന്നു 35 സംവത്സരത്തോളം സകല ദിക്കിലേക്കും ചെന്നു, രാജ്യങ്ങൾ പിടിച്ചും കൊള്ളയിട്ടു വന്നു. ഏകദേശം എട്ടു ലക്ഷം പടയാളികളുടെ നായകനായി കൊടുങ്കാറ്റോ ജലപ്രളയമോ എന്ന പോലെ ഹിന്തു, ചീന, വിലാത്തി എന്നീ രാജ്യങ്ങളിൽ ഉൾപ്പുക്കു അശേഷം കൊള്ളയിട്ടു, കവൎച്ചയെ സമൎക്കാന്തിലേക്കു അയച്ചു, തന്റെ ഭണ്ഡാരത്തിൽ എണ്ണമറ്റ പൊരുൾ ചരതിച്ചു. ഡില്ലിയെ പിടിച്ചു കവൎന്നപ്പോൾ അനവധി നിവാസികളെ കൊന്നതല്ലാതെ, ശേഷിച്ചവരെ ചിറപിടിച്ചു, അവരെ കൊണ്ടു കവൎച്ചയെ പേറിച്ചു, തന്റെ രാജധാനിയിലേക്ക് എത്തിച്ചു. വരികയും പോകയും ചെയ്ത വഴിയിൽ ഒക്കെയും കണ്ട നാട്ടും നഗരവും അശേഷം വെറുമയാക്കിക്കളഞ്ഞു. അവന്റെ ദ്രവ്യാഗ്രഹത്തോളം ക്രൂരതയും ഉണ്ടു. പോരിൽ മാത്രമല്ല വിനോദത്തിനും മനുഷ്യരെ കൊല്ലും. ഒരിക്കൽ അവൻ 4000 അന്യമതക്കാരായ കുതിരച്ചേകവരെ ജീവനോടെ കുഴിച്ചിട്ടു കളഞ്ഞു. ബാഗ്ദാദപട്ടണം പിടിച്ച സന്തോഷത്തിനായി 90,000 തലമണ്ടകളെ കൊണ്ടു തോരണം കെട്ടിച്ചു. 1405-ആമതിൽ കൊള്ളക്കാരുടെ ഈ തലവൻ ൭൦ വയസ്സുള്ളവനായി മരിച്ചു. തിമുല്ലങ്ങിന്റെ അനന്തരവന്മാരിൽ ആറാമനായ ബാബർ കൊള്ളയെ കൊതിച്ചു തന്നെയല്ല, രാജ്യം സമ്പാദിക്കേണ്ടതിനു ആഗ്രഹിച്ചു, ഹിന്തുരാജ്യത്തിൽ കടന്നു, ഡില്ലിയെ പിടിച്ചു, തന്റെ സിംഹാസനം അതിൽ വെച്ചു, മഹാമുകിളസാമ്രാജ്യത്തെ സ്ഥാപിച്ചു. ബാബരിന്റെ മരുമകനായ ഹുമായന്റെ മകനായ അക്ബർ ബാബരിനെക്കാൾ ശ്രുതിപ്പെട്ട ജയശാലിയും ബലവാനുമായതല്ലാതെ, ദയ നീതി വിവേകം മുതലായ ഗുണങ്ങളുള്ളവനായി പരമതദ്വേഷമെന്നിയെ സകല ജനഗുണചിന്തയുള്ള രാജശിഖാമണിയായിരുന്നു. അവന്റെ മകനായ സേലിം, മരുമകനായ ശാജിഹാൻ, എന്നിവർ ആരും അവനോളം പോരാതെ പോയി. അവന്റെ നാലു മരുമക്കളിൽ ഒരുവനായ ഔറങ്ങസീബിന്റെ കാലത്തിൽ മുകിള സാമ്രാജ്യം ഇനി ഒരിക്കൽ പുതുശോഭ പ്രാപിച്ചു പോന്നു. ഔറങ്ങസീബിന്റെ ബഹുകപടവും യുക്തിയുള്ളൊരു ഉപായി ആയിരുന്നു. അവന്റെ സിംഹാസനം ശുദ്ധ പൊന്നും നവരത്നങ്ങൾ പതിച്ചതും, എട്ടു കോടി ഉറുപ്പികയോളം വിലയുള്ളതായിരുന്നു. ചുവപ്പുകല്ലു കൊണ്ടു കെട്ടിയതും ലോകപ്രസിദ്ധവുമായ അവന്റെ കോവിലകവും അതിനോടു ചേൎന്ന ഉദ്യാനങ്ങളും ഒന്നര നാഴിക ചുറ്റളവുള്ളതായിരുന്നു. അതിലേക്കു ചെല്ലുന്ന വലിയ വാതിലിന്റെ മീതെ: “സ്വൎഗ്ഗം എന്നൊന്നുണ്ടെങ്കിൽ, അതു ഇവിടെ, ഇവിടെ, ഇവിടെ തന്നെ ഉണ്ടായിരിക്കേണം”, എന്നൊരു എഴുത്തു ഉണ്ടായിരുന്നു പോൽ. ഔറങ്ങസീബ സ്വന്ത മതത്തോടു വളരെ പറ്റുള്ളവൻ ആകെക്കൊണ്ടു, ഹിന്തുക്കളെ നയഭയങ്ങളാൽ മുഹമ്മത മാൎഗ്ഗത്തിൽ ചേൎപ്പാൻ വളരെ പ്രയത്നിച്ചു. അവന്റെ കാലത്തിൽ മഹാറാട്ടികളും ശിഖരും ഡില്ലിസാമ്രാജ്യത്തിൽ കടന്നു വളരെ അലമ്പൽ ചേയ്‌വാൻ തുടങ്ങി. ഇപ്പോൾ വിക്തോരിയ എന്ന ഇംഗ്ലിഷ മഹാരാണിയവൎകൾ ഈ രാജ്യങ്ങളുടെ മേൽ ചക്രവൎത്തിനിയായി വാഴുന്നതിനാൽ ഹിന്തുക്കളും മുസല്മാനരും ക്രിസ്തിയാനികളുമായ പ്രജകൾക്കു എല്ലാവൎക്കും ഒരു പോലെ ഗുണം വരുമാറാക.

# 4

## AFGHANISTAN അബ്ഘാനിസ്ഥാൻ

തങ്ങൾക്ക തങ്ങൾ തന്നെ പുഷ്ടൻ അല്ലെങ്കിൽ പുഷ്ടൌ എന്ന പെർ വിളിക്കുന്ന അബ്ഗാന്യരുടെ ചരിത്രം നല്ലവ്വണ്ണം തെളിവില്ല. അവർ ഇടയന്മാരുടെ ഒരു ജാതിയായി ഹിന്ദുകുഷിൽനിന്നു ഇറങ്ങി വന്നു എന്നു ഊഹിപ്പാൻ സംഗതി കാണുന്നു. അവരുടെ ഭാഷക്കു പാസ്യ ഭാഷയോടു സംബന്ധം ഉണ്ടു. പുരാണമെ അവർ കിഴക്കെ ഇരാനിലെ സകല ഗോത്രങ്ങളിലും വെച്ചു പ്രധാനികളായി. മുഹമ്മദമാർഗ്ഗത്തെ സുനിതരുടെ ക്രമപ്രകാരം കൈക്കൊണ്ടു ഇന്നേയൊളം ഇടയരായി കവച്ചാതാല്പൎയ്യം ധൈൎയ്യം മതഭ്രാന്തു (fanaticism) എന്നിവ കൊണ്ടു കീൎത്തിപ്പെട്ടിരിക്കുന്നു. 18ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അവർ പാസ്യരുടെ നുകത്തെ നീക്കി തുരനിലെ ബല്ക്കും (Balkh) ഇന്ത്യയിലെ കഷ്മീരും മുല്ദാനും തങ്ങളുടെ ആധീനത്തിൽ ആക്കി, എങ്കിലും പരസ്പരയുദ്ധത്താലും സിംഹാസനപ്രതിവാദത്താലും രാജ്യാവസ്ഥ ക്രമേണ നിസ്സാരമായി പോയി. രുസ്യരും ഇംഗ്ലിഷുകാരും ക്രമേണ ആസ്യയിലെ തങ്ങൾക്കു അടുത്തു വന്നതു കൊണ്ടു ഇന്ത്യക്കു കാബൂൽവഴി സൂക്ഷിക്കുന്ന അബ്ഗാന്യർ ആ രണ്ടു യൂരോപ്യജാതികളുടെയും വിചാരണയിൽ ആയിവന്നു. 1747 തുടങ്ങി ദുരാനിരാജകുഡുംബക്കാരാൽ ഭരിക്കപ്പെട്ട ഈ രാജ്യം 1823ാമതിൽ പല രാജ്യാംശങ്ങളായി പിരിഞ്ഞു പോയി. കാബൂലിൽ ബെരെക്സി (Bereksi) കുഡുംബത്തിലുള്ള ദൊസ്തമുഹമ്മദ് സിംഹാസനം പ്രാപിച്ചു. 1839ാമതിൽ ഇംഗ്ലിഷുകാർ യുദ്ധം തുടങ്ങി ചില പട്ടണങ്ങളെ പിടിച്ചു ദുരാനിരാജകുഡുംബക്കാരെ വീണ്ടും സിംഹാസനം കയ റ്റി. എങ്കിലും 1842ൽ സമാധാനകരാറെ നിശ്ചയിക്കയാൽ ദൊസ്തമുഹമ്മദ് അവരെ അവരെ അകറ്റി വീണ്ടും സിംഹാസനം കയറി. അവന്റെ മകൻ രാജാവായപ്പോൾ ഇംഗ്ലിഷുകാർ പണവും ആയുധങ്ങളും അവനു സഹായിച്ചു വന്നു. ഇന്ത്യാനരുടെ നിമിത്തം അബ്ഗാനിസ്ഥാൻ ഏകരാജശാസനയിൽ ആയി വരേണമെന്നു ഇംഗ്ലിഷുകാരുടെ താല്പൎയ്യം.

300000 ചതുരശ്ര നാഴിക വിസ്താരമുള്ള അബ്ഗാനിൽ 4500000 സംഖ്യയുള്ള അബ്ഗാന്യൎക്കു അന്യ ഗോത്രങ്ങളേക്കാൾ പ്രബലതയുണ്ടു. അവർ കീഴടക്കിയ്തും കൃഷിയും കൈത്തൊഴിലും നടത്തി വരുന്നതുമായ കുടിയാന്മാരുടെ സംഖ്യ ഏകദേശം 4000000 ആകും അവ

രുടെ ഇടയിൽ ചിലർ ഹിന്തുക്കൾ അറബികൾ യഹൂദന്മാർ മുതലായവർ പാൎക്കുന്നു. ബൎദ്ദുരാനി (Berduranis) കാക്കർ (Kaker) ഗീല്ദശി (Guildshis) ദ്ദുരാനി (Duranis) ഹസ്സരെഹ് (Hazzareh) എന്നുള്ള ഗോത്രനാമപ്രകാരം രാജ്യം വിഭജിക്കപ്പെട്ടു. എന്നാൽ ഇക്കാലത്തു 3 രാജ്യങ്ങൾ ഉണ്ടു അവ കാബൂൽ കണ്ടഹാർ (Kandahar) ഹിരാത്ത്(Herat) ഇവ തന്നെ. കാബൂൽ രാജ്യം പ്രത്യേകം കാബൂൽനദികരയുടെ താഴ്വരയിൽ പുഷ്ടിയും വിശേഷവുമേറിയ ഒരു നാടു. അതിന്റെ തെക്കെ അംശങ്ങൾ അത്ര പുഷ്ടിയുള്ളവയല്ല. പ്രധാന സ്ഥലമായ കാബൂൽപട്ടണം കാബൂൽനദിയുടെ തീരത്തു ഒരു കുന്നിന്മേൽ ബഹു ശോഭിതമായി സമുദ്രവിതാനത്തിൽനിന്നു 6000 കാലടി ഉയൎന്നു കിടക്കുന്നു. ഇവിടെ ഏറ്റവും സുഖകരമായ ഋതുഭേദങ്ങൾ ഉണ്ടു. യൂരോപ്പിലെ പോലെ ഹിമകാലം, വസന്തകാലം വേനൽകാലം, കൊയിത്തുകാലം എന്നീ കാലഭേദങ്ങളും ഉണ്ടു. പട്ടണം ചില മുഖ്യവഴികൾ വന്നു കൂടുന്ന സ്ഥലത്താകെകൊണ്ടു 60000 നിവാസികളുള്ള ഒരു മുഖ്യ കച്ചവടസ്ഥലമായി തീൎന്നു. കാബൂൽതാഴ്വരക്കു താഴെ ചെല്ലലബദ് (Dschellalabad) കൈസർ കണ്ടിവാതിലിന്റെ അരികെ ഇരിക്കുന്നു കാബൂൽപട്ടണത്തിൽനിന്നു രാജവീഥി എന്നു പറയുന്ന ഒരു നല്ല റോഡ് 425 നാഴിക ദൂരമുള്ള ഗസ്നി കണ്ടഹാർ എന്ന പട്ടണം തൊട്ടു ഹെരത്ത്പട്ടണത്തിലേക്കു ചെന്നു കൂടുന്നു.

2. കണ്ടഹാരിൽ ഏതാനും 50000 ജനങ്ങൾ ഉണ്ടു.

3. അയ്മക്കു എന്നു പറയുന്ന പാൎസ്യക്കാരും തുരനരുമായ നിവാസികൾ ഉള്ള ഹെരത്ത് രാജ്യം 1863ാമതു തുടങ്ങി അഫ്ഗാനരുടെ കീഴിൽ ഇരിക്കുന്നു തലസ്ഥാനമായ ഹെരത്ത് ഉന്നതപൎവ്വതങ്ങളാൽ ചുറ്റപ്പെട്ടു നനവും പുഷ്ടിയുമുള്ള സമഭൂമിയിൽ കിടക്കുന്നു. അതിൽ 100000 നിവാസികളും ആയുധം പനിനീർ എന്നിവയുടെ വലിയ പ്രവൃത്തിയും കച്ചവടവും ഉണ്ടു. അഫ്ഗാനിസ്ഥാന്റെ വടക്കു കിഴക്കേ അംശം അവിശ്വാസികളുടെ രാജ്യം എന്നൎത്ഥമുള്ള കഫിരിസ്ഥാൻ, ഹിന്തുകുഷ് മലകളുടെ ദക്ഷിണ ഭാഗത്തിരിക്കുന്നു. അതിനെക്കൊണ്ടുള്ള വൎത്തമാനം ദുൎല്ലഭം താനും.

# 5

## BELUCHISTAN ബലൂചിസ്ഥാൻ

യവനർ ഗൊദ്രൊസി എന്നു വിളിക്കുന്ന ബലൂചിസ്ഥാൻ രാജ്യം ഇരാന്റെ പൂൎവ്വദക്ഷിണ ഭാഗത്തിൽ ഏകദേശം 127000 നാഴിക വിസ്താരമായി വിളങ്ങുന്നു. മഹാഅലക്സന്തർ (325 ക്രി.മു.) ഇന്ത്യയിൽനിന്നു മടങ്ങി പോംവഴി ഈ നാട്ടിലൂടെ സൈനസഹിതം കടന്നു പോയതിൽ ദാഹവും ഉഷ്ണവും കൊണ്ടു സൈന്യത്തിന്റെ 2/3 ഓഹരി ചത്തു പോയി. 40 ദിവസം യാത്ര ചെയ്ത ശേഷം മാത്ര തിരിച്ച് പാസ്യയിൽ എത്തി. ഈ നാടു എത്രയും ഉഷ്ണവും പാഴായ്മും ആകുന്നു. ചിലേടത്തു പാറപൎവ്വതങ്ങൾ പൂഴിപ്രദേശങ്ങൾ ഇവയല്ലാതെ മറ്റൊന്നും കാണുകയില്ല. ചിലയിടങ്ങളിൽ മാത്രം ഉറവുകളും അല്പ പുഷ്ടിയും ഉണ്ടു, അതിലെ നിവാസികളായ ബലൂചിസ്ഥരുടെ സംഖ്യ ഏകദേശം 2000000. അവർ സൌന്ദൎയ്യവും ശക്തിയും ഉള്ള ജാതി തന്നെ. അറബികളുടെ സന്തതിയായ അവർ ബഹു താല്പൎയ്യത്തോടെ മുഹമ്മദ് മതത്തിൽ ചെന്നു അഫ്ഗാന്യരെപ്പോലെ സുനിദർ ആകയാൽ ശീതരായ പാസികളെ ഏറ്റവും പകെക്കുന്നു. അവരുടെ ഭാഷക്കു പാസ്യഭാഷയോടു അടുപ്പുണ്ടു. നാട്ടിന്റെ സ്വഭാവപ്രകാരം അവർ ഇടയരെങ്കിലും കവച്ചാതല്പരന്മാരാകയാൽ ഒട്ടകങ്ങളെകൊണ്ടു പലപ്പോഴും കവച്ചയാത്ര ചെയ്യുന്നു. അവർ 50ൽ പരം ഗോത്രങ്ങളായി വിഭാഗിക്കപ്പെട്ടു. എല്ലാ പ്രധാനികളിലും കെലാത്തിലെ പ്രധാനി തലവൻ തന്നെ. അതിലെ സംസ്ഥാനങ്ങളാവിതു: കെളാത്ത് (Kelat) സരവാൻ (Sarawan) കച്ചാകുന്താപ് (Katcha Gundawa) ചാലാപാൻ (Dschelawan) ലസ്സ് (Lass) മെഗ്രാൻ (Mekran) ഇവ തന്നെ മുഖ്യസ്ഥലമായ കെളാത്ത് പട്ടണം 7000 കാലടി കടലിനേക്കാൾ ഉയൎന്ന ഒരു ഇടുക്കുതാഴ്വരയിൽ ശാ് മ്മിദൻ എന്ന കന്നിന്റെ സമീപത്തു കിടക്കയും ചെയ്യുന്നു. നവെമ്പ്ര മാസം തുടങ്ങി ഫിബ്രു വരിവരെ അവിടെ ഹിമവൎഷം ഉണ്ടു. പട്ടണത്തിലെ ജനസംഖ്യ 12000 തന്നെ.

# 6

## SUMMARY OF NEWS. വൎത്തമാനച്ചുരുക്കം.

### ആസ്യാ Asia.

#### ബങ്കാളസംസ്ഥാനം:–

കാലികാതയിൽ ൲വ്യദ്രദ്ര-ആമതിൽ ജനിച്ച ൲൦൦൦ മുഹമ്മദീയ കട്ടികളിൽനിന്ന ൌനടദ്ര-ഉം ഒരു കൊല്ലം തികയാതെ മരിച്ചിരിക്കുന്നു. അദ്ധ യൂരോപ്യരായ യുരാസ്യക്കുട്ടികളുടെ മരണം ഹിന്തുക്കളുടെതിലും യൂരോപ്യക്കുട്ടികളുടെ മരണത്തുക യുരാസ്യരുടേതിലും കുറയുന്നു. അതിന്റെ സംഗതി എന്തു പോൽ. പുറനാട്ടിൽ ഉള്ളതിനെക്കാൾ നഗരങ്ങളിൽ വിശേഷിച്ച കുട്ടികളുടെ ചാവു ഏറുന്നതു ആൾ പിടിപ്പതു പാൎക്കുന്ന ഇടങ്ങളിൽ വായു പെരുത്തു മുഷിച്ച പോകുന്നതിനാൽ തന്നെ. വിശേഷിച്ച നാട്ടുകാർ ഈറ്റില്ലത്തിലോ ഈറ്ററയിലോ ഉള്ള ഒരു വക വായുവെ തീച്ചട്ടിവെച്ച മുഴുവനും വിടക്കാക്കീട്ടു പുറത്തുനിന്ന നല്ല വായുവെ കടക്കാതാക്കുന്നതു കൊണ്ടു അതിലേ വായു മുതിൎന്നവൎക്കു ഓരോ കേടുവരുത്തുകയും പ്രത്യേകമായി പച്ച പൈതങ്ങളെ വേഗം വാട്ടികളയുകയും ചെയ്യുന്ന വിഷവായുവായി തീരുന്ന എന്നറിയേണം. മുഹമ്മദീയർ തങ്ങളുടെ സ്ത്രീകളെ ഹിന്തുക്കളിൽ അധികം പൂട്ടി വെക്കുന്നതു നിമിത്തം അവരുടെ ഇടയിൽ കുട്ടികളുടെ ചാവു മികെച്ചതു, അറിയായ്മ ഓരോ നന്മയെ കെടുക്കയും പല തിന്മയെ ഉണ്ടാക്കയും ചെയ്യുന്ന എന്ന കണ്ടാൽ അതിന മറുമരുന്ന വേണമല്ലോ.

ബങ്കാള ഉൾക്കടലിൽ ഇതിന്നിടെ രണ്ടു വൻ ചുഴലിക്കാറ്റുകൾ കൊണ്ടു ഗംഗയുടെ അഴിമുഖനാടുകൾക്കും നാട്ടുകാൎക്കും ചൊല്ലിത്തീരാത്ത അപായസങ്കടങ്ങൾ നേരിട്ടിരിക്കുന്നു. ആ ഉൾക്കടലിൽ കൊല്ലന്തോറും തുലാമാസത്തിൽ വഞ്ചുഴലിക്കാറ്റു അടിക്കുന്നതു പതിവത്രെ. ആയതു മലയാളത്തിലെ വൎഷക്കാറ്റാകുന്ന തെക്കു പടിഞ്ഞാറു കാറ്റിന്നും ചോഴമണ്ഡലത്തിലുള്ള മഴക്കാറ്റായ വടക്കു കിഴക്കന്നും തമ്മിലുള്ള അങ്കപ്പോർ എന്ന പറയാം. വടക്കു കിഴക്കൻ ജയം കൊണ്ടിട്ടെ തീരുന്നുള്ളൂ. ഒക്തോബ്രു ഏഴ എട്ടാം തിയതികളിൽ ഉള്ള വഞ്ചുഴലിക്കാറ്റു ബങ്കാള ഉൾക്കടലിന്റെ നടുതൊട്ടു അതിന്റെ പടിഞ്ഞാറുള്ള വിശാഖപട്ടണ

ത്തോളം ചുറഞ്ഞു തിരിഞ്ഞു സഞ്ചരിച്ചതു. അതിന്റെ ശേഷം ഒക്തോബരിന്റെ പോക്കോടെ ഉൾക്കടലിന്റെ പടിഞ്ഞാറെ പാതിയിൽ വടക്കു കിഴക്കനും കിഴക്കെ പാതിയിലോ പെരുത്തു മഴകൂടിയ തെക്കനും തെക്കു പടിഞ്ഞാറനും അടിച്ചു ഉൾക്കടലിന്റെ നടു മയ്യത്തിൽ തമ്മിൽ കെട്ടി പിടിച്ച പ്രകാരം ചങ്കീരിപോലെ (ഒക്തോബർ ൨൯–൩൧) ചുറഞ്ഞു വലിയ പരപ്പുള്ള ഉൾക്കടലിലും ഗംഗയുടെ അഴിപ്രദേശത്തും എത്രയും ഊക്കോടു അടിച്ചു സഞ്ചരിച്ചു. ഇക്കുറി വിശേഷിച്ചു കിഴക്കെ കരയിൽ കാറ്റിന്റെ അതിക്രമത്തെ അറിവാൻ സംഗതി വന്നതു.

## ചിത്രഗംഗ:–

അല്ല ഇസ്ലമബാദ് — മിയനീതാഴ്വരയിൽ കൂടി കോയ്മക്കായി 10–20 ആനകളെ കൊണ്ടു വന്ന രാത്രിയിൽ ചൂരക്കാട്ടിൽ വെട്ടിയ താവളത്തിൽ തങ്ങുമ്പോൾ ഒരു ചീറുവാലൻ പുലി $1\frac{1}{2}$ വാര ഉയരവും 600 റാത്തൽ തൂക്കവും ഉള്ള കുട്ടിയാനയെ വേളക്കൽ പിടിച്ചു ചില മാറു ദൂരത്തോളം വലിച്ചു അതിന്റെ തുടകളിൽനിന്നു തിന്നു കളഞ്ഞിട്ടുണ്ടായിരുന്നു. പിറ്റെന്നു ശേഷം ൧൦–൨൫ ആനകളെ കൂട്ടിക്കൊണ്ടു പോകുന്ന സായ്പു 5–10 വാര ദൂരത്തോളം വലിച്ച ആന പിടക്കലിനെയും അതിൻ അടുക്കേ നിറയവയരോടു കിടക്കുന്ന പുലിയെയും കണ്ടിട്ടു ആനപ്പുറത്തുനിന്നു ഒറ്റ വെടിയാൽ കൊന്നു. അതിന്നു തിട്ടമായി 3 വാര നീളവും $349\frac{1}{2}$ റാത്തൽ തൂക്കവും കണ്ടിരിക്കുന്നു.

ഒരു നാഴിക സമയത്തിന്നകം നാല്പതിൽ പരം നാഴിക ദൂരത്തോളം മുഞ്ചെല്ലുന്ന കാറ്റു മരവീടുകളെ മറിച്ചു ഉമികണക്കെ പാറ്റിക്കളകയും ഏറ്റത്തോടു കൂട തിരമാലയും ചാമത്തലയും തുറമുഖത്തെത്തിയപ്പോൾ കഴം കുറെഞ്ഞു കടലിൽ നങ്കൂരം ഇട്ട ഒന്നു രണ്ടു കപ്പൽ ഒഴികേ മുപ്പതു ചില്വാനം വൻ ഉരുക്കളെ ചിരട്ട പോലെ കരയിലേക്കു അലെച്ചു കളഞ്ഞു. വിശേഷിച്ചു ഗംഗയും (ഗംഗയും ബ്രഹ്മപുത്രിയും കൂടിയ) മഗ്നയും ഒരുമിച്ചു അഴിക്കൽ എക്കൽ കൊണ്ടു ഉണ്ടാക്കിയ ഓരോ വലിയ തുരുത്തുകൾ കാറ്റു ചാമത്തലകളുടെ വാറിനാൽ പെരുത്തു വലഞ്ഞതു. എല്ലാ തുരുത്തുകളിൽ വലിയതു ദക്ഷിണഷബസ്പൂർ, അതിൽ ദൌലാത്തുഖാന എന്ന നഗരമുണ്ടു. ഏറ്റം കൊണ്ടു നിറഞ്ഞ ഗംഗമഗ്നനദികളിലും കൈയാറുകളിലും കൂടി കൊടുങ്കാറ്റു അലെച്ച ചാമത്തല വിഘ്നവും തടസ്ഥവും കൂട്ടാക്കാതെ നാലഞ്ചു മാറോളം ഉയരം പൊന്തി ബ്രഹ്മപുത്രീനദിയൂടെ ഗാറോ മലകളോളവും ഗംഗയിൽ കൂടി പണ്ണു പട്ടണത്തോളവും അതിന്റെ തലയെ താണുതാണ കൊണ്ടെങ്കിലും അയച്ചിരിക്കുന്നു. ബക്ഗംഗ (Backergunge) കുറുപാട്ടിലും മരവീടുകളെ പാറ്റിക്കളകയും നെൽകൃഷിയെ നശിപ്പിക്കയും മനുഷ്യരെയും ജീവികളെയും മുക്കിക്കളകയും ചെയ്തിരിക്കുന്നു. ഹുഗ്ലിവക്കത്തുള്ള കാലികാതയിലെ ഉരുക്കൾ പ്രയാസത്തോടെ തെറ്റിയുള്ളു. എല്ലാറ്റിലോ ദക്ഷിണഷബസ്പൂർ മുതലായ ഉരുത്തുകൾ അടിഞ്ഞു പോകത്തക്ക അഴിനിലയോടു എത്തി. ദൌലാത്തുഖാന മുതലായ നഗരങ്ങളുടെ വീട്ടുതറകളേ ശേഷിപ്പൂ. പെട്ടന്നു വാറോടു വരുന്ന ചാമത്തലയിൽ രാക്കാലം ആകകൊണ്ടു തെറ്റുവാൻ കഴിയാതെ രണ്ടലക്ഷത്തുപതിന്നയ്യായ്യിരം മനുഷ്യരും അസംഖ്യ കന്നുകാലികളും ഒരുമണിക്കുറിന്നകം മുങ്ങി ഒടുങ്ങി പോയിരിക്കുന്നു. രക്ഷപ്പെട്ടവരോ ഏതെല്ലാം അത്ഭുതമായ വഴിയായി ജീവനോടു തെറ്റി പോയി എന്നതിനെ കൊണ്ടു

അനേക ഗ്രന്ഥങ്ങളെ എഴുതിയാലും ഒടുക്കമില്ല. മരങ്ങൾ ഏറിയ ദിക്കുകളിൽ അധികം ആളുകളും മരം കുറഞ്ഞ സ്ഥലങ്ങളിൽ ചുരുങ്ങിയ ആളുകളും രക്ഷപ്പെട്ടു. അയ്യോ ചെറു മനുഷ്യൻ ദൈവം അവനെ ഓൎക്കേണ്ടതിന്നു ആരുപോൽ. ഇന്നു എന്നു ദിവസത്തിൽ ദൈവത്തിന്റെ ശബ്ദത്തെ കേട്ടാൽ നിങ്ങൾ ഹൃദയങ്ങളെ കഠിനമാക്കാതേ ദൈവത്തോടു യേശു ക്രിസ്തുനാൽ നിരന്നു വരുവിൻ എന്നു ഈ സംഭവത്തിന്റെ താല്പൎയ്യമായ ഉപദേശം.

## ബൊംബായിസംസ്ഥാനം പൂണ:—

പഞ്ചമുള്ള താലൂക്കുകളിൽ മരങ്ങളെ കഴിച്ചാൽ പച്ചളിപ്പും ധാന്യങ്ങളും കാണ്മാൻ ഇല്ല. അവിടെ കോയ്മ ൨-ലക്ഷം ആളുകളെ പോററേണ്ടി വരുന്നു.

ശോലാപ്പൂർ ൨൫,൦൦൦ പേരും ൪൦,൦൦൦ കന്നുകാലികളും നിജാമിലേക്കു കടന്നു പോയി. കോയ്മ ഓരോ പരമോപകാരമുള്ള നിരത്തു മുതലായ പണികളെ കല്പിച്ചു. പ്രാപ്തിയുള്ളവർ ധാന്യങ്ങളെ വാങ്ങേണ്ടതിന്നു പണം തേടുന്നു. ദാരിദ്ര്യന്മാൎക്കും വെറുതേ ഭക്ഷണം കൊടുത്തു വരുന്നു. എന്നിട്ടും ഏറിയവർ വിശപ്പിനാലോ ഒരു വക ജ്വരത്താലോ കാറലും കൊണ്ടോ മരിക്കുന്നു. വൈക്കോലും പൈമ്പുല്ലും എങ്ങും ഇല്ല. കൃഷിക്കാർ കാൎക്കാണിക്കാൎക്കു കന്നുകാലികളെ രണ്ടണ വീതം വില്ക്കയും അവരോ തോലിന്നു മാത്രം അവറ്റെ കൊല്ലുകയും ചെയ്യുന്നുള്ളു. ഒരു വലിയ കൃഷിക്കാരൻ ൨൪ ഉരുക്കളെ മൂന്നുറുപ്പികെക്കു വിറ്റ ശേഷം താൻ കൂലിപ്പണിക്കു പോയിരിക്കുന്നു.

പൂണ ശോലാപ്പൂർ മുതലായ പഞ്ചം പിടിച്ച നാടുകളിലേക്കു വളരെ നവധാന്യങ്ങളെ കടത്തി വരുന്നു.

തെക്കെ മഹാരാഷ്ട്രത്തിന്നു ക്ഷാമം നന്നായി പിടിച്ചിരിക്കുന്നു.

## മദ്രാശിസംസ്ഥാനം:—

ചെന്നപ്പട്ടണം മദ്രാശിയിൽനിന്നു പഞ്ചം പിടിച്ച നാടുകളിലേക്കു അയച്ചു വരുന്ന അരിയാൽ തീവണ്ടിപ്പാതക്കാൎക്കു പെരുത്തു കേവു കൂലി അടയുന്നു. അതോ ൧൮൭൬ (സെപ്തെമ്പ്ര ൨൫ നൊ വെമ്പ്ര ൪) ൱,൱൨,൱൪൯ ൟപ്പികയും ൧൮൭൫ ആ സമയത്തിന്നിടക്കു ൮,൯൱,൪൨൱ ൟ. യും വസൂലാക്കിയ പണം ഒപ്പിച്ചു നോക്കിയാൽ തെളിയും.

തിരുവിതാങ്കോടു — നഗരകോവിലിൽ ഛൎദ്ദ്യതിസാരം നഴഞ്ഞു വന്നു.

## ബൎമ്മ:—

രംഗൂനിൽ ൪ വാര (12′ 6″ ഉയരവും ൫11 വാര (16′ 4″) പുറവായുടെ വിട്ടവും ഉള്ള ഒരു മണി ഉണ്ടു. മൊസ്കോവിലേ വൻമണി കഴിച്ചു ഇതിന്നു എതിർ ഭൂലോകത്തിൽ വേറേ മണിയില്ല. മണിയുടെ തൂക്കം ൮൦-൯൦ തൊനോളം ആയിരിക്കും. (൨൨൪൦ റാത്തൽ) ഇതിനാൽ മുങ്കാലങ്ങളിൽ ബുദ്ധമതക്കാരുടെ വിദ്യയുടെ വിശേഷം തിരിയും.

## വട അമേരിക്കാ North America.

ഈ വലിയ രാജ്യത്തിന്റെ കിഴക്കേ കര പ്രദേശത്തിൽ സെപ്രമ്പ്ര ൧൭ കിഴവന്മാരും കൂട ഓൎക്കാത ഭയങ്കരമായ കൊടുങ്കാറ്റിനാൽ എണ്ണമറ്റ പലവിധം ഉരുക്കൾ പൊളിഞ്ഞു തകൎന്ന പോകയും അല്ല ഏറിയതിന്ന കമ്മത്തു എടുക്കയും മറ്റു ഓരോ കേടു പാടു തട്ടുകയും ചെയ്തിരിക്കുന്നു.

ബ്രൂക്ലീനിലെ കഥകളി അരങ്ങിന്ന തീ പിടിച്ചു കാഴ്ചയെ നോക്കുന്ന പുരുഷാരത്തിൽ നിന്ന ൨വ്വൻ പേരും കൂട വെന്തു പോയിരിക്കുന്ന കഷ്ടം.

## യുരോപ്പ Europe.

### ഇംഗ്ലന്തു:–

**വൎത്തമാനക്കമ്പി:** കടലിന്റെ അടിയിൽ കൂടി 16 യോഗക്കാർ വൎത്തമാനക്കമ്പിയെ ഇട്ടു അതിന്നായി ഏറിയ പണം മുടക്കിയിരിക്കുന്നു.

**സൊവരെൻസ്:** ഔസ്ത്രാല്യയിലുള്ള സിദ്നെ മേൽബൊൎന്ന് എന്നീ നഗരങ്ങളിലെ കമ്മട്ടിശാലകളിൽ (mint) ഫൌൺ നാണ്യങ്ങളെ അടിച്ചു ഇംഗ്ലന്തിലേക്കു കൊടുത്തയക്കുന്നു.

**തീയിൽ നടക്ക:** സ്വേദനിലെ സ്റ്റൊക്ക്ഹൊല്മ നഗരത്തിൽ എസ്ക്ബെൎഗ്ഗ് എന്ന സായ്പു കണ്ടെത്തിയ ഒരു വക ഉടുപ്പിൽ മനുഷ്യന്ന കേടുതട്ടാതെ തീയിൽ നടക്കാം. നെറുക തൊട്ടു കാലിന്റെ അടിയോളം ഒരു പുരുഷനെ മൂടുന്ന ഈ വസ്ത്രത്തിന്റെ ഉള്ളിൽ മരവും രോമപലകയും (felt) ഇടക്കിടെ വെള്ളവും വായുവും ഓടിപ്പാൻ തക്കവണ്ണം ഓരോ കുഴലുകളും ഉണ്ടു; ആയതു പുറമെ അകിഴെലിയുടെ (mole) തോലുകൊണ്ടു പൊതിഞ്ഞിരിക്കുന്നു. പുറന്തോലിൽകൂടി സൎവ്വാംഗത്തെ വെള്ളം കൊണ്ടു നനെക്കേണ്ടതിന്ന തലയിലും മുഖത്തിന്ന നല്ല വായു ചെലുത്തേണ്ടതിന്ന അതിന്റെ മുമ്പിലും ചെറുതുളകൾ ഉണ്ടു. വായു കടത്തുന്ന കുഴൽ ഉള്ളിലും വെള്ളം ഓടിക്കുന്ന വേറെ കുഴൽ അതിന്റെ ചുറ്റിലും ഇങ്ങനെ ഒരേ നീണ്ട കുഴലായിട്ടു വസ്ത്രത്തോടു ഉറ്റു ചേൎന്നിട്ടു ദൂരേ നില്ക്കുന്ന ഒരു പണിക്കാരൻ വായുവും വെള്ളവും പിസ്കാരിപ്രയോഗത്താൽ ആ കുഴലുകളിൽ കയറ്റി കൊണ്ടിരിക്കയാൽ ഇടവിടാതെ നനവു കൊണ്ടു ചൂടറിയാതെ വസ്ത്രം തണുത്തിരിക്കയും ഇടമുറിച്ചലില്ലാതെ വായുവിനാൽ മനുഷ്യൻ പുക ചൂട്ടുകളെ കുടിക്കാതേ സുഖമായി ശ്വാസം കഴിക്കയും ചെയ്യും. ഇതിന്നിടെ ലൊണ്ടനിൽ കല്ലെണ്ണ കുടിപ്പിച്ച വിറകു മുട്ടികളെ കൊണ്ടുവന്നീകത്തിച്ചു അതിൽ നിന്ന പുറപ്പെട്ട ചൂടു കൊണ്ടു ഏവരും അകലേ നിന്നിരിക്കേ ഒരു സായ്പു മേൽ പറഞ്ഞ ഉടുപ്പു ഉടുത്തു തീയുടെ നടുവോളം ചെന്ന അലമ്പൽ കൂടാതെ നടക്കയും കത്തുന്ന മുട്ടിമേൽ കുത്തിരുന്ന അത്തൽ കൂടാതെ ഒരു ചുരുട്ടു കത്തിച്ചു വലിക്കയും ചെയ്തു.

Printed at the Basel Mission Press, Manglore.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA